**കേരള സർക്കാർ**

**സംഗ്രഹം**

ധനകാര്യ വകുപ്പ് -കുടുംബപെൻഷൻ വാങ്ങുന്നവർ വർഷം തോറും പെൻഷൻ വിതരണ അതോറിറ്റിക്ക് വൈവാഹിക നില തെളിയിക്കുന്ന സർട്ടിഫിക്കറ്റ് സമർപ്പിക്കുന്നത് സംബന്ധിച്ച്- ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

ധനകാര്യ (**പെൻഷൻ-ബി**) വകുപ്പ്

**സ.ഉ(പി)നം. 127/16/ധന** **തിരുവനന്തപുരം, തീയതി : 01.09.2016.**

---

**പരാമർശം :- സ.ഉ (പി) നം. 594/12/ധന , തീയതി :19.10.2012**

Downloaded Copy - Association of Retired Teachers (ART) Farook College

**ഉത്തരവ്**

കെ എസ്ആർ ഭാഗം 3 ചട്ടം 90(6) പ്രകാരം മരണപ്പെട്ട ഒരു ഉദ്യോഗസ്ഥന്റെ / പെൻഷണറുടെ ജീവിത പങ്കാളിക്ക് പുനർ വിവാഹം കഴിക്കുന്നത് വരെയും 25 വയസ്സുവരെയുള്ള മക്കൾ , 25 വയസ്സിനു മുകളിൽ പ്രായമുള്ള അവിവാഹിതരായ പെൺമക്കൾ എന്നിവർക്ക് വിവാഹം കഴിക്കുന്നത് വരെയോ അല്ലെങ്കിൽ ജീവിതമാർഗ്ഗം സമ്പാദിക്കുവാൻ ആരംഭിക്കുന്നത് വരെയോ കുടുംബപെൻഷന് അർഹതയുണ്ട്.

2) പരാമർശ ഉത്തരവ് പ്രകാരം 60 വയസ്സിനു താഴെ പ്രായമുള്ള അവിവാഹിതരായ പെൺമക്കൾ തുടർച്ചയായി കുടുംബപെൻഷൻ ലഭിക്കുന്നതിന് വർഷംതോറും നോൺ മാരിയേജ് സർട്ടിഫിക്കറ്റ് പെൻഷൻ വിതരണ അതോറിറ്റിക്കു സമർപ്പിക്കണമെന്ന് വ്യവസ്ഥ നിലവിലുണ്ട്. പക്ഷെ കുടുംബ പെൻഷൻ വാങ്ങുന്ന ജീവിത പങ്കാളി ,18 വയസ്സുമുതൽ 25 വയസ്സുവരെയുള്ള മക്കൾ, എന്നിവർ വർഷംതോറും വൈവാഹിക നില തെളിയിക്കുന്ന സർട്ടിഫിക്കറ്റ് നൽകണമെന്ന വ്യവസ്ഥ നിലവിലില്ല. മേൽ വിഭാഗത്തിൽപ്പെട്ട പലരും വിവാഹിതരായതിനു ശേഷവും പെൻഷൻ വാങ്ങുന്നതായി ധനകാര്യ (പരിശോധന) വിഭാഗം കണ്ടെത്തിയിട്ടുണ്ട്.

4) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ അനർഹർ പെൻഷൻ വാങ്ങുന്നത് ഒഴിവാക്കുന്നതിനായി ചുവടെ ചേർക്കുന്ന വ്യവസ്ഥകൾ ഉൾപ്പെടുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

i) കുടുംബപെൻഷൻ വാങ്ങുന്ന 60 വയസ്സിനു താഴെപ്രായമുള്ള ജീവിത പങ്കാളിയും , അവിവാഹിതരായ പെൺമക്കളും , 18 നും 25 വയസിനുമിടയിൽ പ്രായമുള്ള മക്കളും വർഷംതോറും ലൈഫ് സർട്ടിഫിക്കറ്റിനൊപ്പം വിവാഹം / പുനർവിവാഹം കഴിച്ചിട്ടില്ലായെന്നുള്ള

സർട്ടിഫിക്കറ്റ് കുടുംബ പെൻഷണർ താമസിക്കുന്ന പ്രദേശത്തെ ഒരു ഗസറ്റഡ് ഓഫീസറിൽ നിന്നോ /ഗ്രാമ പഞ്ചായത്ത് സെക്രട്ടറിയിൽ നിന്നോ / വില്ലേജാഫീസറിൽ നിന്നോ / സർക്കാർ സ്കൂൾ പ്രധാനാദ്ധ്യാപകനിൽ നിന്നോ വാങ്ങി പെൻഷൻ വിതരണ അതോറിറ്റിക്കു സമർപ്പിക്കേണ്ടതാണ്.

ii) കുടുംബപെൻഷൻ വാങ്ങുന്ന 60 വയസ്സിനു മുകളിൽ പ്രായമുള്ളവർ വിവാഹം/പുനർവിവാഹം കഴിച്ചിട്ടില്ലായെന്നും സ്വയം സാക്ഷ്യപ്പെടുത്തിയ ഒരു സത്യവാങ്മൂലം വർഷംതോറും ലൈഫ് സർട്ടിഫിക്കറ്റിനൊപ്പം പെൻഷൻ വിതരണ അതോറിറ്റിക്കു സമർപ്പിക്കേണ്ടതാണ്.

iii) ഇത്തരത്തിൽ സർട്ടിഫിക്കറ്റ് സമർപ്പിക്കാത്തവരുടെ പെൻഷൻ വിതരണം ചെയ്യേണ്ടതില്ല.

iv) കെ എസ് ആർ ഭാഗം III -ൽ നിയമാനുരൂപമായ ഭേദഗതി പ്രത്യേകമായി പുറപ്പെടുവിക്കുന്നതാണ്.

ഗവർണറുടെ ഉത്തരവിൻ പ്രകാരം,

**ഡോ.കെ.എം.എബ്രഹാം**
**ധനകാര്യ അഡീഷണൽ ചീഫ് സെക്രട്ടറി**

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ ആന്റ് ഇ), കേരള, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ജി ആന്റ് എസ്.എസ്.എ), കേരള, തിരുവനന്തപുരം.
അക്കൌണ്ടന്റ് ജനറൽ (ഇ ആന്റ് ആർ.എസ്.എ), കേരള, തിരുവനന്തപുരം.
സെക്രട്ടേറിയറ്റിലെ എല്ലാ വകുപ്പുകൾക്കും, വകുപ്പ് തലവന്മാർക്കും.
സെക്രട്ടറി, കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ, തിരുവനന്തപുരം.
സെക്രട്ടറി, കേരള സംസ്ഥാന വൈദ്യുതി ബോർഡ്.
എല്ലാ അഡീഷണൽ ചീഫ് സെക്രട്ടറി, / പ്രിൻസിപ്പൽ സെക്രട്ടറി/ സെക്രട്ടറിമാർ.,
സ്പെഷ്യൽ സ്എക്രട്ടറി /അഡീഷണൽ സെക്രട്ടറി/ജോയിന്റ് സെക്രട്ടറി /
ഡെപ്യൂട്ടി സെക്രട്ടറി/അണ്ടർ സെക്രട്ടറിമാർ.
ഗവർണറുടെ സെക്രട്ടറി.
മുഖ്യമന്ത്രിയുടെയും മറ്റ് മന്ത്രിമാരുടെയും പ്രൈവറ്റ് സെക്രട്ടറിമാർ.
പ്രതിപക്ഷ നേതാവിന്റെയും ഗവണ്മെന്റ് ചീഫ് വിപ്പിന്റെയും പ്രൈവറ്റ് സെക്രട്ടറിമാർ.
ബഹു.സ്പീക്കറുടെ പ്രൈവറ്റ് സെക്രട്ടറി.
ചീഫ് സെക്രട്ടറിയുടെ പ്രൈവറ്റ് സെക്രട്ടറി.
സെക്രട്ടറി, ഓംബുഡ്സ്മാൻ, തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങൾ,തിരുവനന്തപുരം.
സെക്രട്ടറി, കേരള സംസ്ഥാന മനുഷ്യാവകാശ കമ്മീഷൻ, തിരുവനന്തപുരം.
രജിസ്ട്രാർ, കേരള/കൊച്ചി/കോഴിക്കോട്/കണ്ണൂർ/മഹാത്മാഗാന്ധി യൂണിവേഴ്സിറ്റി.
രജിസ്ട്രാർ, ശ്രീ ശങ്കരാചാര്യ യൂണിവേഴ്സിറ്റി, എറണാകുളം.
രജിസ്ട്രാർ, അഗ്രിക്കൾച്ചർ യൂണിവേഴ്സിറ്റി, വെള്ളാണിക്കര.
രജിസ്ട്രാർ, കേരള വെററിനറി ആന്റ് അനിമൽ സയൻസസ് യൂണിവേഴ്സിറ്റി, വയനാട്
രജിസ്ട്രാർ, കേരള യൂണിവേഴ്സിറ്റി ഓഫ് ഹെൽത്ത് ആന്റ് അലൈഡ് സയൻസസ്, തൃശ്ശൂർ
രജിസ്ട്രാർ, ഫിഷറീസ് യൂണിവേഴ്സിറ്റി,എറണാകുളം
രജിസ്ട്രാർ, മലയാളം യൂണിവേഴ്സിറ്റി, തിരൂർ, മലപ്പുറം
രജിസ്ട്രാർ, കേരള ഹൈക്കോടതി, എറണാകുളം
രജിസ്ട്രാർ, കേരള ലോകായുക്ത, തിരുവനന്തപുരം.

ജനറൽ മാനേജർ, കെ.എസ്.ആർ.ടി.സി, തിരുവനന്തപുരം.
പബ്ലിക് റിലേഷൻസ് ഡയറക്ടർ, തിരുവനന്തപുരം.
ട്രഷറി ഡയറക്ടർ, തിരുവനന്തപുരം.
ഗവൺമെന്റ് കമ്പനികൾ/ബോർഡ്/കോർപ്പറേഷനുകൾ/ സ്വയം ഭരണ സ്ഥാപനങ്ങൾ എന്നിവയുടെ മാനേജിങ് ഡയറക്ടർമാർ/ജനറൽ മാനേജർമാർ.
അഡ്വക്കേറ്റ് ജനറൽ, എറണാകുളം
ചീഫ് ഇൻഫർമേഷൻ കമ്മീഷണർ, തിരുവനന്തപുരം.
ജില്ലാ ട്രഷറികളും സബ് ട്രഷറികളും.
നോഡൽ ഓഫീസർ, www.finance.kerala.gov.in
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

**സെക്ഷൻ ഓഫീസർ**